# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **186/2026** തീയതി : **05/09/2026**


## പത്രക്കുറിപ്പ്

## കേരള സർവകലാശാല പിജി. & എംടെക് (CSS) അഡ്മിഷൻ 2026-2027 എസ്.സി/എസ്.ടി സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാലയുടെ പഠന-ഗവേഷണ വകുപ്പുകളിലെ **2026-2027** അധ്യയന വർഷത്തെ പിജി. & എംടെക് (CSS) പ്രോഗ്രാമുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2026 സെപ്റ്റംബർ 07 ന് രാവിലെ 10.00 മണിക്ക് ബന്ധപ്പെട്ട പഠനവകുപ്പുകളിൽ നടക്കും.

സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ യോഗ്യതയും സംവരണവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകൾ സഹിതം നിശ്ചിത സമയത്ത് ബന്ധപ്പെട്ട പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

ഒഴിവുള്ള പ്രോഗ്രാമുകളുടെയും ഒഴിവുകളുടെ എണ്ണത്തിന്റെയും വിശദവിവരങ്ങൾക്ക് **https://admissions.keralauniversity.ac.in/css2026/** എന്ന ലിങ്ക് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ: 0471-2308328, 9188524612, **ഇ-മെയിൽ** : **csspghelp2026@gmail.com**.

## ടൈംടേബിൾ

കേരള സർവകലാശാലയുടെ ഒമ്പതാം സെമസ്റ്റർ പഞ്ചവത്സര എംബിഎ (ഇന്റഗ്രേറ്റഡ്) (റെഗുലർ - 2015 സ്കീം) വൈവവോസി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2026 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിഎഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2026 സെപ്റ്റംബർ 07 മുതൽ 15 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. III സെക്ഷനിൽ ഹാജരാകേണ്ടതാണ്.


**വന്ദന മോഹൻദാസ്**

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** **ku.release@keralauniversity.ac.in**